# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VIII
# (SUBJECT COMMITTEE VIII)

# സാമ്പത്തിക കാര്യങ്ങൾ
# (ECONOMIC AFFAIRS)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
## ഒന്നാമത് റിപ്പോർട്ട്
## (2021-2022)

## FIRST REPORT ON THE SCRUTINY OF DEMANDS FOR GRANTS
## (2021-2022)

2021 ജൂലൈ 22-ാം തീയതി സമർപ്പിച്ചത്
(Presented on 22nd July 2021)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021
SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2021

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VIII
# (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ
## (ECONOMIC AFFAIRS)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ഒന്നാമത് റിപ്പോർട്ട്

(2021-2022)

FIRST REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2021-2022)

891/2021.

## ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VIII
## (സാമ്പത്തിക കാര്യങ്ങൾ)
## (2021 -2023)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. കെ. എൻ ബാലഗോപാൽ ,
ധനകാര്യ വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ,
തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പുമന്ത്രി.

ശ്രീ. വി. എൻ. വാസവൻ,
സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

അംഗങ്ങൾ:

| | |
|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | എം.എൽ.എ. |
| ഡോ. കെ. ടി. ജലീൽ | ,, |
| ശ്രീ. ഡി. കെ. മുരളി | ,, |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ,, |
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | ,, |
| ശ്രീ. എൻ. ഷംസുദ്ദീൻ | ,, |
| ശ്രീ. കെ. വി. സുമേഷ് | ,, |
| ശ്രീ. ഇ. കെ. വിജയൻ | ,, |

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

## അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2021 ജൂൺ 16, 23 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥചെയ്തിട്ടുള്ള വിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു:

| | |
|---|---|
| ധനാഭ്യർത്ഥന നമ്പർ V | — ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും |
| ധനാഭ്യർത്ഥന നമ്പർ VII | — മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും |
| ധനാഭ്യർത്ഥന നമ്പർ VIII | — എക്സൈസ് |
| ധനാഭ്യർത്ഥന നമ്പർ X | — ട്രഷറികളും അക്കൗണ്ടുകളും |
| ധനാഭ്യർത്ഥന നമ്പർ XI | — ജില്ലാ ഭരണവും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XVI | — പെൻഷനും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XXVIII | — പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ XLIII | — നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും |
| ധനാഭ്യർത്ഥന നമ്പർ XLV | — പലവക വായ്പകളും മുൻകൂറുകളും |
| ധനാഭ്യർത്ഥന നമ്പർ XLVI | — സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും. |

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളകളിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും യോഗത്തിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ ഘട്ടങ്ങളിൽ കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികപരവുമായ പരിമിതികൾക്ക് വിധേയമായി സമിതി അഭിപ്രായങ്ങൾ രൂപീകരിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. ധനാഭ്യർത്ഥന കളിന്മേൽ ലഭിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിന്മേൽ അധിക തുക അനുവദിക്കുന്നതിനുള്ള സമിതിയുടെ ശിപാർശകൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2021 ജൂൺ 30-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2021 ജൂൺ 30.

**കെ. എൻ. ബാലഗോപാൽ,**
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി* VIII.

## റിപ്പോർട്ട്

### ധനാഭ്യർത്ഥന നമ്പർ V—ചരക്ക സേവനനികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

| | | |
|---|---|---|
| വോട്ട് ചെയ്യുത് | - | 415.9734 കോടി രൂപ |
| ചാർജ് ചെയ്യുത് | - | 2.27 കോടി രൂപ. |

**നികുതി വകുപ്പ്**

2043-00-001-97—കമ്മീഷണറുടെ കാര്യാലയം

വിഹിതം : ഇല്ല.

1. ജി. എസ്. ടി. വകുപ്പിന്റെ പുനഃസംഘടന ഈ വർഷം നടപ്പിലാക്കുന്നതിനും ടാക്സ് ഫെയർ സർവ്വീസ് യൂണിറ്റുകളും, ആഡിറ്റ് ഓഫീസുകളും ആരംഭിക്കുന്നതിനും, ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തി പുതിയ സ്ക്വാഡുകൾ ആരംഭിക്കുന്നതിനും ആവശ്യമായിവരുന്ന ഇലക്ട്രിക് വാഹനങ്ങളുടെയും മറ്റ് വാഹനങ്ങളുടെയും വാടകയിനത്തിൽ ടി ശീർഷകത്തിൽ 45.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-97-05-2—ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

വിഹിതം : 1.1 കോടി രൂപ (പദ്ധതിയേതരം)

2. 2021-22 സാമ്പത്തികവർഷം ഈ ശീർഷകത്തിലേയ്ക്ക് 1.41 കോടി രൂപ വകുപ്പ് ആവശ്യപ്പെട്ടിരുന്നെങ്കിലും 1.10 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം ഈ ഇനത്തിൽ ഇതുവരെയുള്ള ചെലവ് 36.30 ലക്ഷം രൂപയാകയാൽ നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-97-06—വാടക, കരം, നികുതി

വിഹിതം : 20 ലക്ഷം രൂപ (പദ്ധതിയേതരം)

3. മേൽ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം നാളിതുവരെ 6.60 ലക്ഷം രൂപ

ചെലവായിട്ടുള്ളതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ ടി ശീർഷകത്തിൽ 7 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-97-17—ചെറുകിട മരാമത്തുപണികൾ

വിഹിതം : 4.25 ലക്ഷം രൂപ (പദ്ധതിയേതരം)

4. നടപ്പുസാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക ചെറുകിട മരാമത്ത് പണികൾക്ക് അപര്യാപ്തമാകയാൽ 7 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-94-19—കമ്മീഷണറുടെ കാര്യാലയത്തിന്റെ കമ്പ്യൂട്ടർവൽക്കരണം-യന്ത്രോപകരണങ്ങൾ

വിഹിതം : 2.63 കോടി രൂപ (പദ്ധതിയേതരം)

5. നടപ്പുസാമ്പത്തിക വർഷം ഈ ഇനത്തിൽ ഇതുവരെയുള്ള ചെലവ് 73.39997 ലക്ഷം രൂപയായതിനാൽ മേൽ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ അധികമായി 2.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-93—ഐ.ടി. അടിസ്ഥാന സൗകര്യ വികസനം

വിഹിതം : 3 കോടി രൂപ (പദ്ധതി)

6. നടപ്പുസാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ, 12 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-101-99-01-4—ലാ ആഫീസർ-ശമ്പളം-മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

വിഹിതം : 87,000 രൂപ (പദ്ധതിയേതരം)

7. മേൽ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-101-97-05-2—ചരക്ക് സേവന നികുതി കാര്യാലയങ്ങൾ-ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

വിഹിതം : 14 ലക്ഷം രൂപ (പദ്ധതിയേതരം)

8. നടപ്പുസാമ്പത്തിക വർഷം ഈ ഇനത്തിൽ ഇതുവരെ 4.62 ലക്ഷം രൂപ ചെലവായതിനാൽ 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ അധികമായി 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-101-97-06—വാടക, കരം, നികുതി

വിഹിതം : 1.45 കോടി രൂപ (പദ്ധതിയേതരം)

9. നടപ്പുസാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ 55 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഊർജ്ജ വകുപ്പ്**

2045-00-103- 99-06—ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - വാടക, കരം, നികുതി

വിഹിതം : 32 ലക്ഷം രൂപ (പദ്ധതിയേതരം)

10. പുതുക്കിയ നിരക്ക് പ്രകാരം വാടക നൽകുന്നതിനായി മേൽശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 53.42356 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

| | | |
|---|---|---|
| വോട്ട് ചെയ്തത് | - | 289.5859 കോടി രൂപ |
| ചാർജ് ചെയ്തത് | - | ഇല്ല. |

**നികുതി വകുപ്പ്**

2030-02-102-99—മുദ്രപ്പത്ര വില്പനച്ചെലവുകൾ

വിഹിതം : 31 കോടി രൂപ (പദ്ധതിയേതരം)

11. നോൺ ജുഡീഷ്യൽ മുദ്രപ്പത്ര വില്പനയ്ക്ക് അനുസരിച്ച് സ്റ്റാമ്പ് വെണ്ടർമാർക്ക് ഡിസ്കൗണ്ട് നൽകുന്നതിനാൽ മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 2.29 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-95-06—സബ് രജിസ്ട്രി ഓഫീസുകൾ - വാടക, കരം, നികുതി

വിഹിതം : 1.4 കോടി രൂപ. (പദ്ധതിയേതരം)

12. സബ് രജിസ്ട്രാർ ഓഫീസുകളുടെ വാടകയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ, ടി ശീർഷകത്തിൽ അധികമായി 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-94-05-4—കമ്പ്യൂട്ടർവൽകൃത റിപ്പോർട്ടിംഗ് സിസ്റ്റം ഏർപ്പെടുത്തൽ - ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

വിഹിതം : 85 ലക്ഷം രൂപ (പദ്ധതിയേതരം)

13. സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ കൺസ്യൂമബിൾസ്, യു.പി.എസ്., ബാറ്ററികൾ എന്നിവ യഥാസമയം ലഭ്യമാക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്

| | | |
|---|---|---|
| വോട്ട് ചെയ്തത് | - | 375.0552 കോടി രൂപ |
| ചാർജ് ചെയ്തത് | - | 10 ലക്ഷം രൂപ |

**നികുതി വകുപ്പ്**

2039-00-001-99-04-2—മേൽനോട്ടം - യാത്രാ ചെലവുകൾ-സ്ഥലംമാറ്റബത്ത

വിഹിതം : 3.25 ലക്ഷം രൂപ. (പദ്ധതിയേതരം)

14. എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റബത്ത പൂർണ്ണമായും മാറി നൽകാൻ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-99-05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം

വിഹിതം : 4.95 ലക്ഷം രൂപ (പദ്ധതിയേതരം)

15. വെള്ളക്കരം പൂർണ്ണമായും അടച്ച് തീർക്കാൻ നിലവിലെ വിഹിതം അപര്യാപ്തമാകയാൽ, ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-99-05-4— മറ്റിനങ്ങൾ

വിഹിതം : 39.60 ലക്ഷം രൂപ (പദ്ധതിയേതരം)

16. എക്സൈസ് സർക്കിൾ ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-99-06—വാടക, കരം, നികുതി

വിഹിതം : 80 ലക്ഷം രൂപ (പദ്ധതിയേതരം)

17. നടപ്പുസാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് അപര്യാപ്തമാകയാൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-99-15—രഹസ്യ സേവന ചെലവുകൾ

വിഹിതം : 22 ലക്ഷം രൂപ (പദ്ധതിയേതരം)

18. എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ അധികമായി 3 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-99-21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 46.20 ലക്ഷം രൂപ (പദ്ധതിയേതരം)

19. എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. മേൽസാഹചര്യത്തിൽ ഈ ശീർഷകത്തിലേക്ക് 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-99-34-3—മറ്റ് ചെലവുകൾ - മറ്റിനം

വിഹിതം : 44 ലക്ഷം രൂപ (പദ്ധതിയേതരം)

20. എക്സൈസ് സർക്കിൾ ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ അധികമായി 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-99-45—പി.ഒ.എൽ.

വിഹിതം : 1.6275 കോടി രൂപ (പദ്ധതിയേതരം)

21. എക്സൈസ് സർക്കിൾ ഓഫീസുകളിലെ പി.ഒ.എൽ. ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ അധികമായി 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-98-04-2—റേഞ്ച് ഓഫീസുകൾ-യാത്രാ ചെലവുകൾ -സ്ഥലംമാറ്റബത്ത

വിഹിതം : 2.25 ലക്ഷം രൂപ (പദ്ധതിയേതരം)

22. എക്സൈസ് റേഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റബത്ത പൂർണ്ണമായും മാറി നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാകയാൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-98-05-1—ഓഫീസ് ചെലവുകൾ- വെള്ളക്കരം

വിഹിതം : 2.92 ലക്ഷം രൂപ (പദ്ധതിയേതരം)

23. എക്സൈസ് റേഞ്ച് ഓഫീസുകളിലെ വെള്ളക്കരം പൂർണ്ണമായും അടയ്ക്കുന്നതിന് ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ ഈ

ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-98-05-4—മറ്റിനങ്ങൾ

വിഹിതം : 26.46 ലക്ഷം രൂപ (പദ്ധതിയേതരം)

24. എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-98-06—വാടക, കരം, നികുതി

വിഹിതം :80 ലക്ഷം രൂപ (പദ്ധതിയേതരം)

25. എക്സൈസ് റേഞ്ച് ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-98-21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 44.85 ലക്ഷം രൂപ (പദ്ധതിയേതരം)

26. എക്സൈസ് റേഞ്ച് ഓഫീസുകളിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-98-34-3—മറ്റു ചെലവുകൾ -മറ്റിനം

വിഹിതം : 11.81 ലക്ഷം രൂപ (പദ്ധതിയേതരം)

27. എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി ടി ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-98-45—പി.ഒ.എൽ.

വിഹിതം :1.8345 കോടി രൂപ (പദ്ധതിയേതരം)

28. എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഇന്ധന ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-97-21-2—വിജിലൻസ് വിഭാഗം-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 78,000 രൂപ (പദ്ധതിയേതരം)

29. വിജിലൻസ് ഓഫീസിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ, 40,000 രൂപ ടി ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-97-45—പി.ഒ.എൽ.

വിഹിതം : 1.8 ലക്ഷം രൂപ (പദ്ധതിയേതരം)

30. വിജിലൻസ് ഓഫീസിലെ ഇന്ധന ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 50,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-94-34-3—എക്സൈസ് വകുപ്പിന്റെ നവീകരണം - മറ്റ് ചെലവുകൾ -മറ്റിനം

വിഹിതം :7 കോടി രൂപ (പദ്ധതി)

—1.1250 കോടി രൂപ (പദ്ധതിയേതരം)

31. നടപ്പുസാമ്പത്തിക വർഷം എക്സൈസ് വകുപ്പിന്റെ നവീകരണത്തിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ പദ്ധതിയിനത്തിൽ

അധികമായി 10.7425 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-88—വിമുക്തി

വിഹിതം : 6.68 കോടി രൂപ (പദ്ധതി)

32. കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ (വിമുക്തി) പദ്ധതി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് നിലവിൽ വകയിരുത്തിയ തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി പദ്ധതിയിനത്തിൽ 22.93 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-87—സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണം

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

33. പ്രസ്തുത ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം തികച്ചും അപര്യാപ്തമാകയാൽ അധികമായി 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-86-04-1—എക്സൈസ്-ക്രൈംബ്രാഞ്ച് വിഭാഗം-യാത്രാ ചെലവുകൾ-യാത്രാബത്ത.

വിഹിതം : 10,000 രൂപ (പദ്ധതിയേതരം)

34. എക്സൈസ് - ക്രൈംബ്രാഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ യാത്രാബത്ത പൂർണ്ണമായും മാറി നൽകുന്നതിലേക്കായി ടി ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ അധികമായി 1.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-86-04-2—സ്ഥലംമാറ്റബത്ത

വിഹിതം : 5,000 രൂപ (പദ്ധതിയേതരം)

35. എക്സൈസ് - ക്രൈംബ്രാഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റബത്ത പൂർണ്ണമായും മാറി നൽകുന്നതിലേക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന

വിഹിതം അപര്യാപ്തമാകയാൽ 10,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-86-21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : ഇല്ല. (പദ്ധതിയേതരം)

36. എക്സൈസ്-ക്രൈംബ്രാഞ്ച് വിഭാഗത്തിന് വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ടി ശീർഷകത്തിലേക്ക് 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-86-34-3—എക്സൈസ് - ക്രൈംബ്രാഞ്ച് വിഭാഗങ്ങൾ- മറ്റ് ചെലവുകൾ - മറ്റിനം

37. എക്സൈസ്-ക്രൈംബ്രാഞ്ച് വിഭാഗത്തിന് 2039-00-001-86-എന്ന ശീർഷകത്തിൽ 34-3 (മറ്റു ചെലവുകൾ - മറ്റിനം) എന്ന പുതിയ ഉപശീർഷകം അനുവദിക്കണമെന്നും ടി ശീർഷകത്തിൽ 50,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-86-45—പി. ഒ. എൽ.
891/2021.

വിഹിതം : 1.05 ലക്ഷം രൂപ (പദ്ധതിയേതരം)

38. എക്സൈസ് - ക്രൈംബ്രാഞ്ച് വിഭാഗത്തിന് ഇന്ധന ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാകയാൽ അധികമായി 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ X—ട്രഷറികളും അക്കൗണ്ടുകളും

| | | |
|---|---|---|
| വോട്ട് ചെയ്തത് | - | 385.0392 കോടി രൂപ |
| ചാർജ് ചെയ്തത് | - | ഇല്ല. |

**ധനകാര്യ വകുപ്പ്**

2054-00-098-99-06—കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്-വാടക, കരം, നികുതി

വിഹിതം : 15 ലക്ഷം രൂപ (പദ്ധതിയേതരം)

39. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ട്രെയിനിംഗ് സെന്ററിനും, തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സബ് ഓഫീസുകൾക്കും, കണ്ണൂർ ജില്ലാ ഓഫീസിനും പുതുക്കിയ നിരക്കിൽ വാടക നൽകുന്നതിലേയ്ക്കായി നടപ്പുസാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 16 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

| | | |
|---|---|---|
| വോട്ട് ചെയ്തത് | - | 838.7307 കോടി രൂപ |
| ചാർജ് ചെയ്തത് | - | 1.1183 കോടി രൂപ |

### ധനകാര്യ വകുപ്പ്

2047-00-103-87—ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം

വിഹിതം : 200 കോടി രൂപ (പദ്ധതിയേതരം)

40. 2021-22 സാമ്പത്തിക വർഷം ഏജന്റുമാർക്ക് അധികസേവനത്തിനുള്ള പ്രതിഫലം പ്രതിമാസം ഏകദേശം 18.5 കോടി രൂപ നിരക്കിൽ 12 മാസത്തെ പ്രതിഫലം വിതരണം ചെയ്യുന്നതിനായി 222 കോടി രൂപയും മുൻവർഷങ്ങളിലെ പ്രതിഫല കുടിശ്ശിക (വൈകി ലഭിച്ച ക്ലെയിമുകൾ, തെറ്റായി രേഖപ്പെടുത്തിയ ക്ലെയിമുകൾ) വിതരണം ചെയ്യുന്നതിനായി 1 കോടി രൂപയും വേണ്ടി വരുമെന്നതിനാൽ ടി ശീർഷകത്തിൽ അധികമായി 23 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103- 85-10—എം.പി.കെ.ബി.വൈ. / എസ്.എ.എസ്. ഏജന്റുമാരുടെ ക്ഷേമനിധിക്കായുള്ള സംസ്ഥാന സർക്കാരിന്റെ തത്തുല്യ വിഹിതം - സംഭാവന

വിഹിതം : 65 ലക്ഷം രൂപ (പദ്ധതിയേതരം)

41. ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ ഒരു വർഷം ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്ന മൊത്തം തുകയുടെ 50% മായ സർക്കാർ വിഹിതവും 2020-21 സാമ്പത്തിക വർഷത്തെ 4

മാസത്തെ കുടിശ്ശിക ഉൾപ്പെടെയുള്ള തുകയും ടി ശീർഷകത്തിൽ വകയിരുത്തേണ്ടതാണെങ്കിലും നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം വകയിരുത്തേണ്ട വിഹിതത്തെക്കാൾ കുറവായതിനാൽ അധികമായി ടി ശീർഷകത്തിൽ 48.44 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും

| | | |
|---|---|---|
| വോട്ട് ചെയ്തത് | - | 33171.7675 കോടി രൂപ |
| ചാർജ് ചെയ്തത് | - | 26.4972 കോടി രൂപ |

**നികുതി വകുപ്പ്**

2075-00-103-94-34-3—സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്- മറ്റു ചെലവുകൾ- മറ്റിനം

വിഹിതം : 11.44 ലക്ഷം രൂപ (പദ്ധതിയേതരം)

42. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ജില്ലാ ഓഫീസുകൾ, സബ് ഓഫീസുകൾ എന്നിവയുടെ നവീകരണത്തിനായി ടി ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ അധികമായി 61.48 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-92-06—സംസ്ഥാന ഭാഗ്യക്കുറിയുടെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം- വാടക, കരം, നികുതി.

വിഹിതം : 36.38 ലക്ഷം രൂപ (പദ്ധതിയേതരം)

43. എറണാകുളം മേഖല ജോയിന്റ് ഡയറക്ടർ ഓഫീസ്, ജില്ലാ ഭാഗ്യക്കുറി ഓഫീസ് എന്നിവയുടെ വാടക നൽകുന്നതിന് ടി ശീർഷകത്തിൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ അധികമായി 50.24 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനകാര്യ വകുപ്പ്**

2075-00 -795-98—വീട് വായ്പ എഴുതിത്തള്ളൽ

വിഹിതം : 21.10 ലക്ഷം രൂപ (പദ്ധതിയേതരം)

44. ഭവനനിർമ്മാണ വായ്പ എഴുതിത്തള്ളൽ തുക 2 ലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ഇനത്തിൽ ചെലവ് വർദ്ധിക്കാനിടയുണ്ട്. മേൽസാഹചര്യത്തിൽ ഇപ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ അധികമായി 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പൊതുഭരണ വകുപ്പ്

2075-00 -800-94—ഡിഫൻസ് സർവ്വീസുകളിലെ ധീരതയ്ക്കുള്ള കീർത്തിമുദ്രക്കർഹരായവർക്കും ആശ്രിതർക്കും കാഷ് അവാർഡ്-മറ്റു ചെലവുകൾ

വിഹിതം : 50 ലക്ഷം രൂപ (പദ്ധതിയേതരം)

45. ഈ ശീർഷകത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക അധികമായി ധനപുഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-81—കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

വിഹിതം : 1.0523 കോടി രൂപ (പദ്ധതിയേതരം)

46. നിലവിലുള്ള ഹജ്ജ് ഹൗസിനോടനുബന്ധിച്ചുള്ള വനിതാ ബ്ലോക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിലേയ്ക്കായി മേൽ ശീർഷകത്തിലെ വിഹിതം അപര്യാപ്തമായതിനാൽ അധികമായി 6.56 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### റവന്യൂ വകുപ്പ്

2075-00-800-78—വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനുവേണ്ടിയുള്ള പ്രത്യേക ധനസഹായം

വിഹിതം : 1.32 കോടി രൂപ (പദ്ധതിയേതരം)

47. കേരള സ്റ്റേറ്റ് വഖഫ് ബോർഡ് സോഷ്യൽ വെൽഫെയർ (കേരള) സ്കീം പ്രകാരം നൽകിവരുന്ന മാരകരോഗ ചികിത്സാ ധനസഹായം, വിവാഹധനസഹായം എന്നീ ഇനങ്ങളിൽ അപേക്ഷകർക്ക് ധനസഹായം നൽകുന്നതിനും പ്രതിമാസ പെൻഷൻ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുമായി ടി ശീർഷകത്തിലേക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 10.4075 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനകാര്യ വകുപ്പ്**

2075-00 -800-52—തിരുവനന്തപുരം നഗരത്തിലെ യുദ്ധസ്മാരകം

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

48. തിരുവനന്തപുരം ജില്ലയിൽ യുദ്ധസ്മാരക നിർമ്മാണത്തിനായി ടി ശീർഷകത്തിൽ അധികമായി 8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പൊതുകടം തിരിച്ചടയ്ക്കൽ

| | | |
|---|---|---|
| വോട്ട് ചെയ്തത് | - | ഇല്ല |
| ചാർജ് ചെയ്തത് | - | 52446.2483 കോടി രൂപ |

**ധനകാര്യ വകുപ്പ്**

6003-00-109-89—സർക്കാർ ജീവനക്കാരുടെ ഭവന പദ്ധതിയുടെ അടിസ്ഥാനത്തിൽ 2019 ജൂൺ മാസം പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നെടുത്ത വായ്പ.

വിഹിതം : 36 കോടി രൂപ (പദ്ധതിയേതരം)

49. നടപ്പുസാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ അധികമായി 1.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന നമ്പർ XLV—പലവക വായ്പകളും മുൻകൂറുകളും

| | | |
|---|---|---|
| വോട്ട് ചെയ്തത് | - | 16.033 കോടി രൂപ |
| ചാർജ് ചെയ്തത് | - | ഇല്ല |

**ധനകാര്യ വകുപ്പ്**

7610-00 -201-99—ഭവന നിർമ്മാണ വായ്പകൾ - അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥന്മാർ

വിഹിതം : 10 ലക്ഷം രൂപ (പദ്ധതിയേതരം)

50. അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കുള്ള ഭവന നിർമ്മാണ വായ്പയ്ക്കായി 2019-20 സാമ്പത്തിക വർഷത്തിൽ ലഭിച്ച ഒരു അപേക്ഷയിന്മേൽ നടപടി

സ്വീകരിച്ചുവരുന്നതിനാലും 2021-22 സാമ്പത്തിക വർഷം ടി ഇനത്തിൽ അപേക്ഷകൾ ലഭിക്കാൻ സാധ്യതയുള്ളതിനാലും ടി ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7610- 00-201-98—സംസ്ഥാന സർവ്വീസ് ഉദ്യോഗസ്ഥന്മാർ

വിഹിതം : 1 ലക്ഷം രൂപ (പദ്ധതിയേതരം)

51. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ തിരിച്ചടവിൽ അധികമായി തിരിച്ചടച്ച വായ്പാ തുക റീഫണ്ട് ചെയ്യുന്നതിലേയ്ക്കായി ടി ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാകയാൽ അധികമായി 1 ലക്ഷം രൂപ ധനഃപുനവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

| | | |
|---|---|---|
| വോട്ട് ചെയ്തത് | - | 10801.2060 കോടി രൂപ |
| ചാർജ് ചെയ്തത് | - | ഇല്ല |

**ധനകാര്യ വകുപ്പ്**

2235-60-110-99-06—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്- വാടക, കരം, നികുതി

വിഹിതം : 45 ലക്ഷം രൂപ (പദ്ധതിയേതരം)

52. കെ.എസ്.ഐ.ഡി.-യും കെ.ടി.ഡി.എഫ്.സി.-യുമായുള്ള കരാറനുസരിച്ച് ഓരോ 3 വർഷം കൂടുമ്പോഴും വാടകയിനത്തിൽ 15% വർദ്ധനവ് വരുത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-99-21—മോട്ടോർ വാഹനങ്ങൾ

വിഹിതം : ഇല്ല.

53. ഇൻഷ്വറൻസ് വകുപ്പിന്റെ രണ്ട് ജില്ലാ ഓഫീസുകളിലേക്ക് ഓരോ വാഹനം വീതം ലഭ്യമാക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ ധനപുനഃവിനിയോഗം/

ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-98-01-4—ജില്ലാ ഓഫീസുകൾ- ശമ്പളം - മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

വിഹിതം : 2 ലക്ഷം രൂപ (പദ്ധതിയേതരം)

54. ടി ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-98-05-4—ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ

വിഹിതം : 5.19 ലക്ഷം രൂപ (പദ്ധതിയേതരം)

55. 32 പുതിയ തസ്തികകൾ സൃഷ്ടിച്ചതിനോടനുബന്ധിച്ച് 10 ജില്ലാ ഇൻഷ്വറൻസ് ഓഫീസുകൾ കൂടുതൽ പ്രവർത്തന സജ്ജമാക്കുന്നതിലേക്കായി ടി ശീർഷകത്തിലേക്ക് 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-97—സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് കമ്പ്യൂട്ടർവൽക്കരണം

വിഹിതം : 40 ലക്ഷം രൂപ (പദ്ധതിയേതരം)

56. സോഫ്റ്റ്‌വെയറിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തൽ, വാർഷിക അറ്റകുറ്റപ്പണികൾ, വിവര സാങ്കേതിക വിഭാഗത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, പഴയവ മാറ്റൽ, ഒപ്റ്റിക്കൽ ഫൈബർ കണക്ടിവിറ്റി ചാർജ്ജുകൾ എന്നിവയ്ക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ അധികമായി 2.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പൊതുശിപാർശകൾ

57. സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ലഹരി മരുന്നുപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യം നിലനിൽക്കുകയാണ്. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ചുള്ള ശരിയായ അറിവ് നമ്മുടെ കുട്ടികൾക്ക് പകർന്ന് നൽകി ഈ മഹാവിപത്തിൽ നിന്നും കുട്ടികൾ സ്വയം സംരക്ഷണം തീർക്കുന്ന അവസ്ഥ വളർത്തിയെടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ലഹരി മരുന്നുപയോഗത്തിനെതിരെ കുട്ടികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിലേയ്ക്കായി ലഹരിമരുന്നുപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച്

ബോധവൽക്കരണം നൽകുന്ന പാഠഭാഗങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ആഴ്ചയിൽ ഒരു പീരിയഡെങ്കിലും പ്രസ്തുത പാഠഭാഗങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സാധിക്കുന്ന വിധം ടൈംടേബിൾ പുനഃക്രമീകരിക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

58. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപമുള്ള കടകൾ വഴിയും വഴിയോര കച്ചവടക്കാർ മുഖേനയും വിദ്യാർത്ഥികൾക്ക് ലഹരിവസ്തുക്കൾ ലഭിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. മേൽ സാഹചര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്ന കടകളോ, വഴിയോര കച്ചവടക്കാരോ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിന് പോലീസ് - എക്സൈസ് വകുപ്പുകളുടെ സംയുക്ത മേൽനോട്ടത്തിൽ ഓരോ വിദ്യാഭ്യാസ സ്ഥാപനവും പി.ടി.എ.-മദർ പി.ടി.എ. അംഗങ്ങൾ, അദ്ധ്യാപകർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുതല ജനപ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ എന്നിവരെ കൂടി ഉൾപ്പെടുത്തി ജാഗ്രത സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

59. കേരളത്തിൽ വ്യാപകമായി കഞ്ചാവ് കൃഷിയും വ്യാജവാറ്റും നടക്കുന്നതായും ലഹരിമരുന്ന് കച്ചവടം വളരെയധികം വർദ്ധിച്ചുവരുന്നതായും റിപ്പോർട്ടുകൾ ചൂണ്ടികാട്ടുന്നു. പ്രസ്തുത സാഹചര്യത്തിൽ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനോടൊപ്പം ഓരോ പ്രദേശത്തെയും കുടുംബശ്രീ-ജാഗ്രതാ സമിതി മറ്റ് അയൽക്കൂട്ട സംവിധാനങ്ങൾ മുഖേന വ്യാജവാറ്റ്, കഞ്ചാവ് കൃഷി, മയക്കുമരുന്ന് കച്ചവടം എന്നിവ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായുള്ള പദ്ധതി രൂപകൽപ്പന ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിനായി എക്സൈസ് റേഞ്ചുകൾ പുനർനിർണ്ണയിച്ച് അവയുടെ എണ്ണം വർദ്ധിപ്പിക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു എന്ന് സമിതി വിലയിരുത്തുന്നു. നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളുടെ അധികാര പരിധിയിൽ മാറ്റം വരുത്തി എക്സൈസ് റേഞ്ച് ഓഫീസുകളുടെ എണ്ണത്തിൽ ആവശ്യമായ വർദ്ധനവ് വരുത്തണമെന്നും എക്സൈസ് വകുപ്പിൽ അധിക ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും, റേഞ്ച് ഓഫീസുകളിൽ മെച്ചപ്പെട്ട പ്രവർത്തന സൗകര്യം ഉറപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

61. നികുതി വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പൊതു ആംനെസ്റ്റി സ്കീമിൽ ഓപ്ഷൻ സമർപ്പിക്കാനുള്ള അവസാന തീയതി 2021 ആഗസ്റ്റ് 31-ൽ നിന്നും നവംബർ 30-ലേക്ക് നീട്ടുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

62. കുടിശ്ശിക Turn Over Tax അടയ്ക്കുന്നതിനുള്ള ഓപ്ഷൻ ഫയൽ ചെയ്യുന്ന തീയതി 2021 ജൂൺ 30-ൽ നിന്നും 2021 സെപ്റ്റംബർ 30 ആയും നികുതി ഒടുക്കുന്നതിനുള്ള തീയതി 2021 ജൂലൈ 31-ൽ നിന്നും 2021 ഒക്ടോബർ 31-ആയും നീട്ടുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

63. ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ കാരണം വാഹനങ്ങൾ നിരത്തിൽ ഇറക്കാത്ത സാഹചര്യത്തിൽ ഓട്ടോറിക്ഷ, ടാക്സി എന്നിവ ഉൾപ്പെടെയുള്ള സ്റ്റേജ് കോൺട്രാക്റ്റ് ക്യാരേജുകൾക്ക് ഒന്നാം ക്വാർട്ടർ നികുതി അടയ്ക്കുന്നതിനുള്ള കാലാവധി 2021 ആഗസ്റ്റ് 31 വരെ നീട്ടി നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2021 ജൂൺ 30.

കെ. എൻ. ബാലഗോപാൽ,
*അദ്ധ്യക്ഷൻ,*
സബ്ജക്ട് കമ്മിറ്റി VIII.